

കൊച്ചിയിൽ കേരകർഷക കൂട്ടായ്മകളുടെ നേതൃത്വ സമ്മേളനം നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്യുന്നു.

# നീര ഉൽപാദനം: കേരകർഷക കൂട്ടായ്മ രൂപീകരിക്കുക ലക്ഷ്യം

കൊച്ചി ● നീര ഉൽപാദനം പ്രോൽസാഹിപ്പിക്കുന്നതിലൂടെ സ്ഥായിയായ കേരകർഷക കൂട്ടായ്മ രുപീകരിക്കുകയാണു നാളികേര വികസന ബോർഡിന്റെ ലക്ഷ്യമെന്നു ചെയർമാൻ ടി.കെ. ജോസ്. നാളികേരോൽപാദക കമ്പനികളുടെയും നാളികേര വികസന ഫെഡറേഷനുകളുടെയും സംസ്ഥാന കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിലത്തുനിന്നു ചെത്താൻ കഴിയുന്ന തെങ്ങുകൾ വളർത്തിയെടുക്കണമെന്നും ഓരോ നാളികേരോൽപന്ന ഫെഡറേഷനുകളും ഇതിനായി പതിനായിരം വിത്തുതേങ്ങ വീതം ശേഖരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുഴുവൻ ഫെഡറേഷനുകൾക്കും എക്സൈസ് വകുപ്പ് വൈകാതെ ലൈസൻസ് നൽകുമെന്നാണു പ്രതീക്ഷ. നീരയുൽപാദനം പൂർണസജ്ജമാകുന്നതുവരെ മറ്റു മൂല്യവർധിത ഉൽപന്നങ്ങളിൽ ശ്രദ്ധയൂന്നണം. പത്തനംതിട്ട, വയനാട്, ഇടുക്കി ജില്ലകളിൽ നാളികേര ഉൽപാദന കമ്പനികൾ ഇല്ലാത്തതു കണക്കിലെടുത്ത് കമ്പനി രുപീകരണത്തിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയതായി അദ്ദേഹം അറിയിച്ചു. ഒരു കമ്പനിക്കു കീഴിൽ കുറഞ്ഞതു പത്തു ഫെഡറേഷനുകൾ വേണമെന്നത് ഈ ജില്ലകൾക്കു മാത്രം ആറു ഫെഡറേഷനുകൾ മതിയാകും. നീര കൈകാര്യം ചെയ്യുന്നതിൽ കർഷകർ അതീവശ്രദ്ധ പുലർത്തണം. അദ്ദേഹം പറഞ്ഞു.

നീര സംസ്കരണത്തിനുള്ള ആധുനിക സാങ്കേതികവിദ്യ, സംസ്കരണത്തിനും പാക്കിങ്ങിനുമുള്ള ആധുനിക ഉപകരണങ്ങൾ, തെങ്ങുകളുടെ തിരഞ്ഞെടുപ്പ്, നീര ടെക്നീഷ്യൻ പരിശീലനം എന്നിവ സംബന്ധിച്ചു വിദഗ്ധർ ക്ലാസെടുത്തു. കളമശേരി എസ്‌സിഎംഎസ് ഡയറക്ടർ ഡോ. സി. മോഹൻകുമാർ, നാളികേര വികസനബോർഡ് ഡപ്യൂട്ടി ഡയറക്ടർ ആർ. ജ്ഞാനദേവൻ, മാർക്കറ്റിങ് ഓഫിസർ കെ.എസ്. സെബാസ്റ്റ്യൻ പ്രസംഗിച്ചു.